**എ.വൈ.ആർ**


### സൂറ-12

# യൂസുഫ്

فَلَمَّا دَخَلُوا۟ عَلَىٰ يُوسُفَ ءَاوَىٰٓ إِلَيْهِ أَبَوَيْهِ وَقَالَ ٱدْخُلُوا۟ مِصْرَ إِن شَآءَ ٱللَّهُ
ءَامِنِينَ ﴿٩٩﴾
وَرَفَعَ أَبَوَيْهِ عَلَى ٱلْعَرْشِ وَخَرُّوا۟ لَهُۥ سُجَّدًا ۖ وَقَالَ يَٰٓأَبَتِ هَٰذَا تَأْوِيلُ
رُءْيَٰىَ مِن قَبْلُ قَدْ جَعَلَهَا رَبِّى حَقًّا ۖ وَقَدْ أَحْسَنَ بِىٓ إِذْ أَخْرَجَنِى
مِنَ ٱلسِّجْنِ وَجَآءَ بِكُم مِّنَ ٱلْبَدْوِ مِنۢ بَعْدِ أَن نَّزَغَ ٱلشَّيْطَٰنُ
بَيْنِى وَبَيْنَ إِخْوَتِىٓ ۚ إِنَّ رَبِّى لَطِيفٌ لِّمَا يَشَآءُ ۚ إِنَّهُۥ هُوَ ٱلْعَلِيمُ ٱلْحَكِيمُ
﴿١٠٠﴾

۞ رَبِّ قَدْ ءَاتَيْتَنِى مِنَ ٱلْمُلْكِ وَعَلَّمْتَنِى مِن تَأْوِيلِ
ٱلْأَحَادِيثِ ۚ فَاطِرَ ٱلسَّمَٰوَٰتِ وَٱلْأَرْضِ أَنتَ وَلِىِّۦ فِى
ٱلدُّنْيَا وَٱلْـَٔاخِرَةِ ۖ تَوَفَّنِى مُسْلِمًا وَأَلْحِقْنِى بِٱلصَّٰلِحِينَ ﴿١٠١﴾

**99** യഅ്ഖൂബ് കുടുംബം യൂസുഫിന്റെ അടുത്തെത്തിയപ്പോൾ അദ്ദേഹം മാതാപിതാക്കളെ ആശ്ലേഷിച്ചു സ്വാഗതമോതി: മിസ്രയീമിൽ പ്രവേശിച്ചാലും, അല്ലാഹു ഇഛരിച്ചെങ്കിൽ നിങ്ങൾക്കിവിടെ സമാധാനമായും സുരക്ഷിതമായും വസിക്കാം.
**100** യൂസുഫ് മാതാപിതാക്കളെ ഉയർത്തി പീഠത്തിലുപവിഷ്ടരാക്കി. അവരൊക്കെയും അദ്ദേഹത്തിന്റെ മുമ്പിൽ വീണു പ്രണമിച്ചു. അപ്പോൾ അദ്ദേഹം പ്രസ്താവിച്ചു: പ്രിയ പിതാവേ, പണ്ട് എനിക്കുണ്ടായ സ്വപ്ന ദർശനത്തിന്റെ വ്യാഖ്യാനമാണിത്. എന്റെ നാഥൻ അത് യാഥാർഥ്യമാക്കിയിരിക്കുന്നു. എന്നെ കാരാഗൃഹത്തിൽ നിന്നു മോചിപ്പിച്ചതും എനിക്കും സഹോദരന്മാർക്കുമിടയിൽ ചെകുത്താൻ നുഴഞ്ഞു കയറിയശേഷം നിങ്ങളെ മരുഭൂമി താണ്ടി എന്റെ അടുക്കലെത്തിച്ചതും അവൻ എന്നോടു ചെയ്ത ഔദാര്യമാകുന്നു. എന്റെ നാഥൻ അവനുദ്ദേശിക്കുന്നത് നടപ്പിലാക്കാൻ സൂക്ഷ്മമായ രീതികളുള്ളവനാകുന്നു. തീർച്ചയായും അവൻ സർവജ്ഞനും യുക്തിമാനും തന്നെ.
**101** നാഥാ, നീയെനിക്കധികാരമേകി. സംഭവങ്ങളുടെ പരിണാമം ഗ്രഹിക്കാൻ പഠിപ്പിച്ചു. വാന–ഭുവനങ്ങളുടെ സ്രഷ്ടാവേ, നീ മാത്രമാകുന്നു ഇഹത്തിലും പരത്തിലും എന്റെ രക്ഷകൻ; എന്നെ മുസ്‌ലിമായി മരിപ്പിക്കേണമേ, സജ്ജനങ്ങളോടു ചേർക്കുകയും ചെയ്യേണമേ.

فَلَمَّا دَخَلُوا۟= അവർ പ്രവേശിച്ച(എത്തിയ)പ്പോൾ عَلَىٰ يُوسُفَ= യൂസുഫിന്റെ അടുത്ത്
ءَاوَىٰٓ إِلَيْهِ= അദ്ദേഹം തന്നിലേക്ക് അഭയം നൽകി(ആശ്ലേഷിച്ചുകൊണ്ട്) أَبَوَيْهِ= അദ്ദേഹത്തിന്റെ മാതാപിതാക്ക(ളെ)ൾക്ക്
وَقَالَ= (സ്വാഗതം) ഓതി ٱدْخُلُوا۟= നിങ്ങൾ പ്രവേശിച്ചാലും مِصْرَ= മിസ്രയീമിൽ, പട്ടണത്തിൽ إِن شَآءَ ٱللَّهُ= അല്ലാഹു ഇഛരിച്ചെങ്കിൽ
ءَامِنِينَ= നിർഭയരായി (നിങ്ങൾക്കവിടെ സമാധാനമായും സുരക്ഷിതരായും വസിക്കാം)
وَرَفَعَ أَبَوَيْهِ= അദ്ദേഹം തന്റെ മാതാപിതാക്കളെ ഉയർത്തി (ഉപവിഷ്ടരാക്കി) عَلَى ٱلْعَرْشِ= പീഠത്തിൽ, സിംഹാസനത്തിൽ

وَخَرُّوا۟= അവർ വീണു لَهُۥ= അദ്ദേഹ(ത്തെ)ത്തിന്ന് سُجَّدًا= സുജൂദ് ചെയ്യുന്നവരായി(പ്രണമിച്ചു)
وَقَالَ= അപ്പോൾ അദ്ദേഹം പ്രസ്താവിച്ചു يَٰٓأَبَتِ= എന്റെ പ്രിയ പിതാവേ هَٰذَا= ഇത് تَأْوِيلُ= വ്യാഖ്യാനമാകുന്നു
رُءْيَٰىَ= എന്റെ(എനിക്കുണ്ടായ) സ്വപ്ന ദർശനത്തിന്റെ مِن قَبْلُ= പണ്ട് قَدْ جَعَلَهَا رَبِّى= എന്റെ നാഥൻ അതിനെ ആക്കിയിരിക്കുന്നു
حَقًّا= യാഥാർഥ്യം وَقَدْ أَحْسَنَ بِىٓ= തീർച്ചയായും അവൻ എനിക്ക് ഔദാര്യം ചെയ്തു(എന്നോടു ചെയ്ത ഔദാര്യമാകുന്നു)
إِذْ أَخْرَجَنِى= അവർ എന്നെ മോചിപ്പിച്ച(തും)പ്പോൾ مِنَ ٱلسِّجْنِ= കാരാഗൃഹത്തിൽനിന്ന്
وَجَآءَ بِكُم= (എന്റെ അടുക്കൽ എത്തിച്ചതും) നിങ്ങളെ കൊണ്ടുവന്നപ്പോഴും مِّنَ ٱلْبَدْوِ= (മരുഭൂമി താണ്ടി) മരുഭൂമിയിൽ നിന്ന്
مِنۢ بَعْدِ أَن نَّزَغَ ٱلشَّيْطَٰنُ= ചെകുത്താൻ നുഴഞ്ഞുകയറിയ ശേഷം بَيْنِى وَبَيْنَ إِخْوَتِىٓ= എനിക്കും എന്റെ സഹോദരന്മാർക്കുമിടയിൽ
إِنَّ رَبِّى لَطِيفٌ= നിശ്ചയമായും എന്റെ നാഥൻ സൂക്ഷ്മ(രീതികളുള്ളവ)നാകുന്നു
لِّمَا يَشَآءُ= അവൻ ഉദ്ദേശിക്കു(ന്നത് നടപ്പിലാക്കാൻ)ന്നതിന് إِنَّهُۥ= തീർച്ചയായും അവൻ هُوَ ٱلْعَلِيمُ= സർവജ്ഞ(നും)ൻ തന്നെ
ٱلْحَكِيمُ= (യുക്തിമാനും തന്നെ) യുക്തിമാനായ رَبِّ= എന്റെ നാഥാ قَدْ ءَاتَيْتَنِى= തീർച്ചയായും നീ എനിക്കേകി
مِنَ ٱلْمُلْكِ= അധികാര(ം)ത്തിൽനിന്ന് وَعَلَّمْتَنِى= നീ എന്നെ പഠിപ്പിച്ചു
مِن تَأْوِيلِ ٱلْأَحَادِيثِ= (പരിണാമം ഗ്രഹിക്കാൻ) സംഭവങ്ങളുടെ പരിണാമങ്ങളിൽനിന്ന്
فَاطِرَ ٱلسَّمَٰوَٰتِ وَٱلْأَرْضِ= വാന-ഭുവനങ്ങളുടെ സ്രഷ്ടാവേ أَنتَ= നീ(മാത്രമാകുന്നു) وَلِىِّۦ= എന്റെ രക്ഷകൻ
فِى ٱلدُّنْيَا وَٱلْءَاخِرَةِ= ഇഹത്തിലും പരത്തിലും تَوَفَّنِى= നീ എന്നെ മരിപ്പിക്കേണമേ
مُسْلِمًا= മുസ്‌ലിമായ(നിനക്ക് സമർപ്പിതനായ)നിലയിൽ وَأَلْحِقْنِى= നീ എന്നെ ചേർക്കേണമേ بِٱلصَّٰلِحِينَ= സജ്ജനങ്ങളോട്

**99:** മുൻ സൂക്തങ്ങളിൽ ഉദ്ധരിച്ച സംഭാഷണത്തിനു ശേഷം യഅ്ഖൂബ് കുടുംബം യൂസുഫിന്റെ(അ) നിർദേശമനുസരിച്ച് ഈജിപ്തിലേക്കു പോകാൻ തീരുമാനിക്കുകയും താമസിയാതെ പുറപ്പെടുകയും ചെയ്തു. യാത്രക്കാവശ്യമായ വാഹനങ്ങളും പാഥേയങ്ങളും യൂസുഫ്(അ) സഹോദരന്മാർ വശം കൊടുത്തയച്ചിരുന്നുവെന്ന് ബൈബിൾ പറയുന്നുണ്ട്. ഇസ്‌ലാമിക നിവേദനങ്ങൾ അതിനെ ശരിവെക്കുകയും ചെയ്യുന്നു.

സംഘം ഈജിപ്തിന്റെ തലസ്ഥാന നഗരിയുടെ കവാടത്തിലെത്തിയപ്പോൾ യൂസുഫ്(അ) ചെന്ന് സ്വീകരിക്കുകയും മാതാപിതാക്കളെ ആശ്ലേഷിച്ച് നഗരത്തിലേക്ക് സ്വാഗതമോതുകയും ചെയ്തു. അനന്തരം അവരെ കൊട്ടാരത്തിലേക്ക് ആനയിച്ചു. ഈ സ്വീകരണത്തിൽ രാജാവും നാട്ടു പ്രമാണിമാരും ഉദ്യോഗസ്ഥ പ്രമുഖരുമെല്ലാം പങ്കെടുത്തിരുന്നുവെന്നും അന്ന് ഒരു ആഘോഷ ദിനമായിരുന്നതിനാൽ ആകെക്കൂടി ഉത്സവഛായയുള്ള പ്രൗഢഗംഭീരമായ ഒരു ചടങ്ങായിത്തീർന്നു അതെന്നും നിവേദനങ്ങളിൽ പറയുന്നു. ഏതായാലും അഭയാർഥികളായല്ല, വിശിഷ്ടാതിഥികളായിട്ടാണ് യഅ്ഖൂബ് കുടുംബം ഈജിപ്തിൽ സ്വീകരിക്കപ്പെട്ടത്.

ഇവിടെ اُدْخُلُوا-دَخَلُوا എന്ന് പ്രവേശനം (دخول) രണ്ടുവട്ടം പരാമർശിക്കുന്നുണ്ട്. ആദ്യത്തെ دَخَلُوا (അവർ പ്രവേശിച്ചു) കുടുംബത്തെ സ്വീകരിക്കാൻ നഗരകവാടത്തിൽ കാത്തുനിന്ന യൂസുഫ്(അ) ന്റെ അടുത്തേക്കുള്ള അവരുടെ എത്തിച്ചേരലിനെയും രണ്ടാമത്തേത് അദ്ദേഹം അവരെ നഗരത്തിലേക്കാനയിച്ചതിനെയും സൂചിപ്പിക്കുന്നുവെന്നും വ്യാഖ്യാനമുണ്ട്. മിസ്‌റിന്റെ ഭാഷാർഥം നഗരം എന്നാണ്. ഈജിപ്തിന്റെ പര്യായമായും മിസ്ർ ഉപയോഗിക്കുന്നു. മിസ്‌റിന്റെ എബ്രായഭാഷയിലുള്ള തദ്ഭവമാണ് 'മിസ്‌റയിം.' അദ്ദേഹത്തിന്റെ രണ്ടു പിതാവ് എന്നാണ് أَبَوَيْهِ യുടെ ഭാഷാർഥം. മാതാപിതാക്കൾ എന്ന അർഥത്തിലാണ് മുഖ്യഉപയോഗം. പിതാവിനെയും പിതാമഹനെയും സൂചിപ്പിക്കാനും പിതാവിനെയും പിതൃവ്യനെയും സൂചിപ്പിക്കാനും പിതാവിനെയും ചിറ്റമ്മയെയും സൂചിപ്പിക്കാനും ഉപയോഗിക്കാറുണ്ട്. യൂസുഫ് നബിയുടെ മാതാവ് ബിൻയാമിനെ പ്രസവിച്ചതിനെത്തുടർന്നു മരിച്ചുപോയിരുന്നുവെന്നാണ് പ്രബലമായ ചരിത്രം. ഇവിടെ സൂചിപ്പിക്കുന്ന മാതാവ് അദ്ദേഹത്തിന്റെ ചിറ്റമ്മയാണെന്നും അതല്ല മാതൃസഹോദരിയാണെന്നും പറയപ്പെടുന്നു. ചിറ്റമ്മയും മാതൃസഹോദരിയും ഒരാൾ തന്നെ ആയിരുന്നുവെന്നും ചിലർ പറയുന്നുണ്ട്. യൂസുഫ് നബിയുടെ മാതാവ് നേരത്തെ മരണപ്പെട്ടുവെന്ന പ്രസ്താവത്തെ നിഷേധിക്കുന്നവർ അതിനുള്ള തെളിവായി ഉന്നയിക്കുന്നത് ഈ സന്ദർഭത്തിലെ أَبَوَيْهِ എന്ന പരാമർശത്തെയാണ്. മാതാവ് മരിച്ചുപോയെന്ന് ഖുർആൻ പ്രസ്താവിച്ചിട്ടില്ലാത്തതിനാൽ أَبَوَيْهِ യെ അതിന്റെ പ്രഥമവും മുഖ്യവുമായ അർഥത്തിൽ തന്നെ സ്വീകരിക്കണമെന്നാണവരുടെ നിലപാട്.

**100:** യഅ്ഖൂബ് കുടുംബം രാജധാനിയിലെത്തിയശേഷമുള്ള സംഭവങ്ങളാണ് ഈ സൂക്തം പരാമർശിക്കുന്നത്. മാതാപിതാക്കളെ സിംഹാസനത്തിലേക്കുയർത്തി എന്നാണ് رَفَعَ أَبَوَيْهِ عَلَى ٱلْعَرْشِ യുടെ അർഥം. ഇതിന്റെ താൽപര്യമിതാണ്: അദ്ദേഹം അവരെ ഉന്നത സ്ഥാനമുള്ളവരാക്കി ആദരിച്ചു സിംഹാസനത്തിൽ തന്നോടൊപ്പം ഇരുത്തി. عرشന് കട്ടിൽ എന്നും അർഥമുണ്ട്. ഇരിക്കാനും ആവശ്യമാകുമ്പോൾ കിടന്ന് വിശ്രമിക്കാനും പറ്റുന്ന തരത്തിലും രാജസിംഹാസനങ്ങളുണ്ടായിരുന്നു. അത്തരത്തിലുള്ളതായിരിക്കാം ഈജിപ്ഷ്യൻ രാജധാനിയിലുണ്ടായിരുന്നത്. അല്ലെങ്കിൽ തന്റെ സിംഹാസനത്തിനു തുല്യമായ വേറെ പീഠങ്ങൾ ഇരുവശത്തും ഒരുക്കിയിട്ടുണ്ടാവാം.

കുടുംബം ഒന്നടങ്കം യൂസുഫിന്റെ മുമ്പിൽ പ്രണാമത്തിൽ വീണു خَرُّوا لَهُۥ سُجَّدًا എന്നാണ് മൂലവാക്യം. ساجد ന്റെ ബഹുവചനമാണ് سجد. 'സാജിദീൻ' എന്നും ബഹുവചനമുണ്ട്. ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയിൽ സാഷ്ടാംഗം പ്രണാമം ചെയ്യുകയാണ് سجود. ഇത് ആരാധനയാണ്. അല്ലാഹുവിനുവേണ്ടി മാത്രമേ ചെയ്യാൻ പാടുള്ളൂ. അല്ലാഹു അല്ലാത്തവർക്ക് സുജൂദ് ചെയ്യുന്നത് അവരെ ആരാധിക്കലാകുന്നു. അതിനാൽ പ്രവാ

ചക കുടുംബമായ യഅ്ഖൂബും മക്കളും യൂസുഫിനു മുമ്പിൽ ചെയ്തത് സാങ്കേതികാർഥത്തിലുള്ള സുജൂദ് ആയിരിക്കുകയില്ല എന്നാണ് വ്യാഖ്യാതാക്കൾ പൊതുവിൽ അഭിപ്രായപ്പെട്ടിട്ടുള്ളത്. ആദരവു പ്രകടിപ്പിക്കാൻ കുനിയുന്നതിനും നെറ്റിയിൽ കൈചേർത്ത് വന്ദിക്കുന്നതിനും ഭാഷയിൽ സുജൂദ് എന്ന് പറയും. ഹസൻ ബസ്വരി പറയുന്നു: "അത് സുജൂദായിരുന്നില്ല. അവരുടെ ഒരാചാരമായിരുന്നു. അവർ ശിരസ്സുകൊണ്ട് ഒരു മുദ്ര കാട്ടുന്നു. അങ്ങനെയായിരുന്നു അവരുടെ അഭിവാദനം." സൗരിയും ദഹ്ഹാക്കും പ്രസ്താവിച്ചു: "അത് നമുക്ക് പരിചിതമായ സുജൂദ് തന്നെയായിരുന്നു. അതായിരുന്നു അവരുടെ അഭിവാദന രീതി." خَرُّوا سُجَّدًا ന്റെ മുമ്പിലുള്ള خَرُّوا അവർ വീണു എന്ന വാക്ക് സാങ്കേതിക സുജൂദിന്റെ രൂപത്തെയാണ് സൂചിപ്പിക്കുന്നത്. ഏത് നിലക്കും ഈ സുജൂദ് അഭിവാദനമായിരുന്നുവെന്നും ആരാധന ആയിരുന്നില്ലെന്നുമുള്ള കാര്യത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾ ഏകോപിച്ചിട്ടുള്ളതായി ഖുർത്വുബി പറയുന്നു. ഇതാണ് ഈ വിഷയത്തിലുള്ള മർമം. ഒരു കർമത്തിന്റെ രൂപമല്ല ആ കർമത്തെ ആരാധനയാക്കുന്നത്; അതിന്റെ പിന്നിലുള്ള പ്രചോദനമാണ്. യഅ്ഖൂബ് നബി യൂസുഫിന്(അ) മുമ്പിൽ ചെയ്ത സുജൂദ് നമുക്ക് പരിചിതമായ സാഷ്ടാംഗ പ്രണാമം തന്നെയായിരുന്നുവെങ്കിലും അത് അദ്ദേഹത്തെ ആരാധിക്കലായിരുന്നില്ല. കുറ്റകരമായ നടപടിയും ആയിരുന്നില്ല. ഈജിപ്തിന്റെ ഭരണാധികാരിയെന്ന നിലയിൽ മകനെ ആദരിക്കുകയും അഭിവാദ്യം ചെയ്യുകയും യഅ്ഖൂബ് നബിയുടെ ധർമമാണ്. അതിന് അദ്ദേഹം പ്രചാരത്തിലുണ്ടായിരുന്ന അഭിവാദന രീതി സ്വീകരിച്ചു. ഇതിന് അനുകരണത്തിന്റെ മാനം മാത്രമല്ല ഉള്ളത്. ദൈവ കൽപനയുടെ മാനവുമുണ്ട്. യൂസുഫ് നബിക്ക് ബാല്യകാലത്ത് ഒരു സ്വപ്നദർശനമുണ്ടായല്ലോ; സൂര്യ ചന്ദ്രന്മാരും നക്ഷത്രങ്ങളും തനിക്ക് സുജൂദ് ചെയ്യുന്നതായിട്ട്. ആ സ്വപ്നം പുലരാനിരിക്കുന്ന പ്രവചനമാണെന്ന് യഅ്ഖൂബിന് അന്നേ അറിയാമായിരുന്നു. ഇപ്പോൾ മാതാപിതാക്കളിൽനിന്നുണ്ടായ സുജൂദ് ആ പ്രവചനത്തിന്റെ സാഫല്യമാണെന്ന് പ്രവാചകനായ യൂസുഫ് നബിക്കും അറിയാം. പ്രവാചകന്മാരുടെ സ്വപ്ന ദർശനങ്ങൾ അല്ലാഹുവിങ്കൽനിന്നുള്ള അനുസരിക്കപ്പെടേണ്ട വെളിപാടുകളാണ്. ഒരു നിരപരാധിയെ കൊല്ലുന്നത് മഹാപാപം എന്നല്ല, മനുഷ്യവർഗത്തെ മുഴുവൻ കൊല്ലുന്നതിനു തുല്യമായ പാപമാണല്ലോ. എന്നിട്ടും ഇബ്റാഹീം നബി ഒരു സ്വപ്നദർശനമുണ്ടായപ്പോൾ സ്വപുത്രന്റെ കഴുത്തറുക്കാൻ തുനിഞ്ഞു. കാരണം ആ സ്വപ്നം ദൈവകൽപനയായിരുന്നു. അല്ലാഹു കൽപിച്ചതനുസരിച്ചാണ് ചെയ്യുന്നതെങ്കിൽ ഏതു മഹാപാപവും പുണ്യവും അല്ലാഹുവിനുള്ള ആരാധനയുമാകുന്നു. അവനെ ധിക്കരിച്ചുകൊണ്ടാണ് ചെയ്യുന്നതെങ്കിൽ സൽകർമങ്ങളും പാപങ്ങളാകുന്നു.

സുജൂദിന്റെ കാര്യം തന്നെ എടുക്കുക. ആദമിനു സുജൂദ് ചെയ്യാൻ അല്ലാഹു മലക്കുകളോടു കൽപിച്ചു. മലക്കുകളെല്ലാം ആദമിനു സുജൂദ് ചെയ്തു. അവർ ആദമിനെ ആരാധിക്കുകയായിരുന്നില്ല; അല്ലാഹുവിനെ അനുസരിക്കുകയായിരുന്നു. അല്ലാഹുവിനെ അനുസരിക്കലാണ് അവന്നുള്ള ഇബാദത്ത്. നോമ്പ്–നമസ്കാരാദിയുള്ള ഇബാദത്തിന്റെ രൂപങ്ങൾ ഉള്ളിലുള്ള അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും ബാഹ്യ പ്രകടനങ്ങളാകുന്നു. ഉള്ളിൽ അല്ലാഹുവിനോടു അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും വികാരമില്ലെങ്കിൽ അവയൊന്നും അല്ലാഹുവിനുള്ള ഇബാദത്താകുന്നില്ല. അല്ലാഹുവല്ലാത്ത മറ്റാരോടെങ്കിലുമുള്ള വിധേയത്വമാണ് പ്രേരകമെങ്കിൽ അത് അവർക്കുള്ള ആരാധനയാകുന്നു. തിന്മകൾ വർജിക്കുന്നതിലും ഈ അനുസരണവും വിധേയത്വവും പ്രസക്തമാകുന്നു. ഒരു തിന്മ വർജിക്കുന്നത് അല്ലാഹുവിനുവേണ്ടിയാണെങ്കിൽ പുണ്യമാകുന്നു. അല്ലാഹുവിനെ ധിക്കരിച്ചുകൊണ്ടാണെങ്കിൽ മഹാപരാധവും. സൃഷ്ടിയായ ആദമിന്റെ മുമ്പിൽ പ്രണാമം ചെയ്യുക എന്ന തിന്മ വർജിക്കുകയാണ് ഇബ്‌ലീസ് ചെയ്തത്. അല്ലാഹുവിനെ ധിക്കരിച്ചുകൊണ്ടായതിനാൽ അത് പൊറുക്കപ്പെടാത്ത പാപമായിത്തീർന്നു.

യൂസുഫ് നബിയുടെ പ്രവാചകോചിതമായ ഉദാരമനസ്സും സ്നേഹവായ്പും പ്രകാശിക്കുന്നതാണ് അദ്ദേഹത്തിന്റെ പ്രസ്താവന. തന്നെ അത്യന്തം ദ്രോഹിക്കുകയും ഇല്ലാതാക്കാൻ ശ്രമിക്കുകയും മരിച്ചുവെന്ന് വിശ്വസിക്കുമ്പോഴും അപകീർത്തിപ്പെടുത്തി സംസാരിക്കുകയും ചെയ്ത സഹോദരന്മാരാണ് നിസ്സഹായരും ആശ്രയാർഥരുമായി മുന്നിൽ നിൽക്കുന്നത്. താനോ, ഒരു മഹാരാജ്യത്തിന്റെ സർവ പ്രതാപങ്ങളോടും കൂടിയ അധിപനും. സഹോദരന്മാരെ ശിക്ഷിക്കേണ്ടെന്നു വെച്ചാലും, പഴയ ക്രൂരതകൾ എണ്ണിപ്പറഞ്ഞ് വേദനിപ്പിക്കാൻ പറ്റിയ സന്ദർഭമായിരുന്നു അത്. ജയിൽ മോചനത്തിനു എത്രയോ മുമ്പ് തന്നെ, പൊട്ടക്കിണറ്റിൽനിന്ന് യാതൊരു പരിക്കുമില്ലാതെ രക്ഷപ്പെടുത്തി ഈജിപ്തിലെ പ്രഭു ഭവനത്തിലെത്തിച്ചതുവഴി നാഥൻ അതിമഹത്തായ ഔദാര്യം ചെയ്തിരുന്നു. അതദ്ദേഹം ഇവിടെ സ്മരിച്ചതേയില്ല. സ്മരിച്ചിരുന്നുവെങ്കിൽ അത് സഹോദരന്മാരിൽ വലിയ മനോവേദനയുണ്ടാക്കുമായിരുന്നു. സഹോദരന്മാർക്ക് തന്നോടുണ്ടായ വിരോധത്തെ ചെകുത്താന്റെ നുഴഞ്ഞുകയറ്റമായിട്ടാണ് പരാമർശിച്ചത്. അതായത് അത് അവരുടെ കുറ്റമല്ല ചെകുത്താന്റെ കുതന്ത്രമാണ് എന്ന മട്ടിൽ. بادية ൽനിന്നുള്ളതാണ് بدو. ബാദിയത്തിന്റെ മൂലം بدا (വെളിവായി) ആണ്. കണ്ണെത്താവുന്നത്ര ദൂരം വൃക്ഷലതാദികളുടെയോ നിമ്നോന്നതികളുടെയോ മറയില്ലാതെ പരന്നു കിടക്കുന്ന വെളിസ്ഥലം മരുപ്രദേശം ആണ് بادية. ഗ്രാമം എന്ന അർഥത്തിലും ഉപയോഗിക്കുന്നു. ആ അർഥത്തിൽ خضر ന്റെ വിപരീതമാണ് بدو– ബദവിയ്യ് ഗ്രാമീണൻ. അതിന്റെ തദ്ഭവമാണ് ഗ്രാമീണ അറബികൾ എന്ന അർഥത്തിൽ ഉപയോഗിക്കുന്ന ബദുക്കൾ.

തീരെ വൃക്ഷലതാദികളില്ലാത്ത ഊഷരമായ മരുഭൂമി മനുഷ്യ വാസയോഗ്യമല്ല. മരുഭൂമികളിൽ ഇടക്കിടെ മരുപ്പച്ചകളും മലഞ്ചരിവുകളും നീർത്തടങ്ങളും ഉണ്ടായിരിക്കും. അത്തരം സ്ഥലങ്ങളിലാണ് ബദുക്കൾ താമസിക്കുക. ഒരിടത്ത് ജലവും മേച്ചിൽപുറവും ദുർലഭമായാൽ മറ്റൊരിടത്തേക്ക് മാറും. ഫലസ്ത്വീനിൽ യഅ്ഖൂബ് നബി താമസിച്ചിരുന്നത് നേരത്തെ ഫലഭൂയിഷ്ഠവും ജലസമൃദ്ധവുമായ സ്ഥലത്തായിരുന്നു. പിന്നീട് അവരെ കൊടും വരൾച്ച ബാധിച്ചു. ഇവിടെ 'ബദ്‌വിൽ' നിന്ന് നിങ്ങളെ കൊണ്ടുവന്നു എന്നു പറഞ്ഞത്, മരുപ്രദേശത്തുനിന്ന് കാർഷിക ഭൂമിയിലേക്ക് കൊണ്ടുവന്നു എന്ന അർഥത്തിലാവാം, ഗ്രാമ്യതയിൽനിന്ന് നാഗരികതയിലേക്ക് കൊണ്ടുവന്നു എന്ന അർഥത്തിലുമാകാം. ഇസ്രയേലീ ചരിത്രത്തിലെ വലിയൊരു വഴിത്തിരിവായിരുന്നുവല്ലോ ഈ കുടിയേറ്റം.

ഇതിൽ രണ്ടു സംഗതികളടങ്ങിയിരിക്കുന്നു. ഒന്ന്, ഒരാൾ ഏറ്റുപറഞ്ഞു പശ്ചാത്തപിച്ച കുറ്റങ്ങൾ വീണ്ടും വീണ്ടും ഓർമിപ്പിച്ചു വേദനിപ്പിക്കാതിരിക്കുക സുജന മര്യാദയാകുന്നു. അഥവാ ഓർമിപ്പിക്കേണ്ടി വരികയാണെങ്കിൽ തന്നെ അത് ആക്ഷേപിക്കുകയും നിന്ദിക്കുകയും ചെയ്യുന്ന ശൈലിയിലായിരിക്കരുത്. രണ്ട്, വ്യക്തികൾക്കിടയിൽ– സഹോദരന്മാർക്കിടയിൽ വിശേഷിച്ചും– വൈരവും വിദ്വേഷവും ജനിക്കുന്നത് നന്മയിൽ നിന്നോ സദ്വിചാരത്തിൽനിന്നോ അല്ല; മറിച്ച് ചെകു

ത്താന്റെ ഇടപെടലിൽനിന്നാണ്. പരസ്പരം വെറുക്കുന്നവർ ആദ്യം പരിശോധിക്കേണ്ടത് ആ വെറുപ്പ് ദൈവഭക്തിയുടെയോ ധർമ ബോധത്തിന്റെയോ താൽപര്യമാണോ എന്നാണ്. അല്ലെന്ന് മനസ്സിലായാൽ അതിൽനിന്ന് പിന്മാറാൻ തയാറാവണം. ഖുർആൻ മറ്റൊരിടത്ത് ഇക്കാര്യം ഇങ്ങനെ ഉണർത്തിയിട്ടുണ്ട്. وَإِمَّا يَنزَغَنَّكَ مِنَ ٱلشَّيْطَٰنِ نَزْغٌ فَٱسْتَعِذْ بِٱللَّهِ (ചെകുത്താൻ നിന്നെ പ്രകോപിപ്പിച്ചാൽ നീ അല്ലാഹുവിൽ ശരണം തേടുക – 7: 200).

നുഴഞ്ഞുകയറുക, പ്രകോപിപ്പിക്കുക, പ്രലോഭിപ്പിക്കുക, സംശയങ്ങളും ഉൽകണ്ഠകളുമുളവാക്കുക എന്നൊക്കെ അർഥമുള്ള പദമാണ് نزغ. ചെകുത്താൻ മനസ്സിൽ നുഴഞ്ഞുകയറി അനാവശ്യമായ വിചാരങ്ങളും സംശയങ്ങളും ഉൽകണ്ഠകളും ജനിപ്പിക്കുന്നതിന് نزغ الشيطان എന്നു പറയുന്നു. സൂക്ഷ്മം, നേർമം, സമർഥം, മൃദുലത, സൗമ്യത, നർമം തുടങ്ങിയ പലതിനും ഉപയോഗിക്കുന്ന لطف ൽനിന്നുള്ള കർതൃപദമാണ് لطيف. സൂക്ഷ്മമമായും സമർഥമായും കാര്യങ്ങൾ ചെയ്യുന്നവനും സൗമ്യവും മൃദുലവുമായി പെരുമാറുന്നവനും നർമരസികനും لطيف എന്നു വിശേഷിപ്പിക്കപ്പെടുന്നു. അല്ലാഹുവിന്റെ മഹിതനാമങ്ങളിലൊന്നുമാണിത്. സൃഷ്ടികളെ സ്നേഹമസൃണമായും മൃദുലമായും പരിപാലിക്കുന്നവനും താനുദ്ദേശിച്ച കാര്യങ്ങൾ മറ്റാർക്കും കണ്ടുപിടിക്കാനാവാത്ത വിധത്തിൽ സൂക്ഷ്മവും സമർഥവുമായ രീതിയിൽ നടപ്പിലാക്കുന്നവനും എന്ന അർഥത്തിലാണ് അല്ലാഹുവിനെ لطيف എന്നു വിശേഷിപ്പിക്കുന്നത്. അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം സഹോദരന്മാർക്ക് ഇങ്ങനെയൊരു സാന്ത്വനവും إِنَّ رَبِّى എന്നുതുടങ്ങുന്ന വാക്യം ഉൾക്കൊള്ളുന്നു: കഴിഞ്ഞുപോയതിലൊന്നും ഇനി വേദനിക്കേണ്ട. അല്ലാഹു നിശ്ചയിക്കുന്നതെന്തോ അത് നടക്കുന്നു. ഇന്നു നാം എത്തിച്ചേർന്ന ഈ സൗഭാഗ്യങ്ങൾ അവൻ നിശ്ചയിച്ചതാണ്. ആ നിശ്ചയം യാഥാർഥ്യമാകാൻ അവർ സ്വീകരിച്ച നടപടികളായിരുന്നു ഇതുവരെ നടന്നത് എന്ന് കരുതിയാൽ മതി. അവൻ തന്റെ പദ്ധതികൾ നടപ്പാക്കാൻ അവലംബിക്കുന്ന രീതി ആർക്കും നേരത്തെ കാണാനോ കണക്കാക്കാനോ കഴിയാത്ത വിധം സൂക്ഷ്മവും സമർഥവുമായിരിക്കും. അവന്റെ ഏതു നടപടിയും യുക്തിയിലും ജ്ഞാനത്തിലും അധിഷ്ഠിതമാകുന്നു.

**101:** ആ രംഗത്തിന്റെ ഉപസംഹാരമായി യൂസുഫ്(അ) നടത്തിയ പ്രാർഥനയാണിത്. അദ്ദേഹം ആദ്യം തനിക്കുലഭിച്ച രാജ്യാധികാരത്തെക്കുറിച്ചാണ് നന്ദിപൂർവം പറയുന്നത്. ءَاتَيْتَنِى مِنَ ٱلْمُلْكِ (എനിക്ക് മുൽക്കിൽ നിന്നു തന്നു) എന്നാണ് മൂലവാക്യം. مَلَكَൽ നിന്നുള്ള مِلْك ഉടമസ്ഥതയും مُلْك അധികാരവുമാണ്. ഖുർആൻ മനുഷ്യനുമായി ബന്ധപ്പെടുത്തി مُلْك ഉപയോഗിച്ചിട്ടുള്ളത് അധികവും രാജാധികാരത്തെ ഉദ്ദേശിച്ചാണ്. താലൂത്തിനെ ഇസ്രാഈല്യരുടെ രാജാവാക്കി നിശ്ചയിച്ചതിനെക്കുറിച്ചു പറയുന്നു: قَالُوٓا۟ أَنَّىٰ يَكُونُ لَهُ ٱلْمُلْكُ......وَنَحْنُ أَحَقُّ بِٱلْمُلْكِ مِنْهُ (അവർ ചോദിച്ചു: അവനെങ്ങനെയാണ് ഞങ്ങളുടെ മേൽ രാജാധികാരമുണ്ടാവുക? .........ഞങ്ങളാണ് രാജാധികാരത്തിന് അവനെക്കാൾ യോഗ്യർ – 2:247). നംറൂദ് രാജാവിനെക്കുറിച്ചു പറയുന്നു: أَلَمْ تَرَ إِلَى ٱلَّذِى حَآجَّ إِبْرَٰهِۦمَ فِى رَبِّهِۦٓ أَنْ ءَاتَىٰهُ ٱللَّهُ ٱلْمُلْكَ (അല്ലാഹു രാജാധികാരം നൽകിയതിനാൽ, വിധാതാവിന്റെ കാര്യത്തിൽ ഇബ്റാഹീമിനോട് തർക്കിച്ചവനെ കണ്ടില്ലെയോ? – 2:258) ഫറവോൻ ജനങ്ങളോടു ചോദിച്ചതായി ഉദ്ധരിക്കുന്നു: قَالَ يَٰقَوْمِ أَلَيْسَ لِى مُلْكُ مِصْرَ وَهَٰذِهِ ٱلْأَنْهَٰرُ تَجْرِى مِن تَحْتِىٓ (അവൻ ചോദിച്ചു: എന്റെ പ്രജകളേ, മിസ്രയീമിന്റെ രാജ്യാധികാരം എനിക്കല്ലെയോ? ഈ നദികളൊഴുകിക്കൊണ്ടിരിക്കുന്നത് എന്റെ കീഴിലല്ലെയോ? – 43:51) ഈജിപ്ഷ്യൻ രാജാവിൽനിന്ന് യൂസുഫി(അ)നു ലഭിച്ചത് വെറുമൊരു ഉദ്യോഗമായിരുന്നില്ല, രാജാധികാരം തന്നെയായിരുന്നുവെന്നാണ് ഈ പദപ്രയോഗം സൂചിപ്പിക്കുന്നത്. കിരീടധാരി അവിടെ ഒരു ദേശീയ ചിഹ്നമായി നിലനിന്നിരുന്നു. ചില പരമാധികാര ജനായത്ത രാഷ്ട്രങ്ങളിലും അത്തരം രാജാക്കന്മാർ നിലനിന്നുവരുന്നുണ്ടല്ലോ.

تَأْوِيلِ ٱلْأَحَادِيثِ ന്റെ ആശയം നേരത്തെ വിശദീകരിച്ചിട്ടുണ്ട്. ആ പ്രതാപവേളയിലും യൂസുഫിനെ(അ) നയിച്ചിരുന്ന ദൈവഭക്തിയും വിനയവും പ്രകാശിപ്പിക്കുന്നതാണ്. .........تَوَفَّنِى എന്നു തുടങ്ങുന്ന വാക്യം. ഈ അധികാരത്തിലും പ്രതാപത്തിലും വഞ്ചിതനായിപ്പോകാതിരിക്കാൻ എന്നെ തുണക്കേണമേ, നിന്നിൽ സർവതും സമർപ്പിച്ച വിനീത വിധേയനായ ദാസനായി മരിക്കാൻ എനിക്കുതവിയരുളേണമേ, എന്നെ നിന്റെ പ്രീതിക്കു ഭാജനമായ സജ്ജന ഗണത്തിൽ ചേർക്കേണമേ എന്ന് താൽപര്യം.

യഅ്ഖൂബ് നബിക്കൊപ്പം ഈജിപ്തിൽ കുടിയേറിയ ഇസ്രാഈൽ കുടുംബത്തിലെ അംഗസംഖ്യ 67 ആയിരുന്നുവെന്നാണ് ബൈബിളിൽ പറയുന്നത്. യൂസുഫ് നബിയെ കൂടി ചേർത്താൽ 68 ആയി. അഞ്ഞൂറു കൊല്ലങ്ങൾക്കു ശേഷം മൂസാനബിക്കൊപ്പം ഈജിപ്ത് വിട്ടപ്പോൾ അവരുടെ സംഖ്യ ദശലക്ഷങ്ങളായി വർധിച്ചുവെന്നും ബൈബിളിൽനിന്ന് വ്യക്തമാകുന്നു. പുറപ്പാടിന്റെ അടുത്തവർഷം സീനാ അർധദ്വീപിൽ വെച്ച് കണക്കെടുത്തപ്പോൾ അവരിൽ യുദ്ധം ചെയ്യാൻ പ്രാപ്തരായ പുരുഷന്മാർ 603550 പേരുണ്ടായിരുന്നവത്രെ. സ്ത്രീകളും കുട്ടികളും വൃദ്ധജനങ്ങളും കൂടി ഉൾപ്പെടുമ്പോൾ മൊത്തം ജനസംഖ്യ ഏതാണ്ട് 20 ലക്ഷമെങ്കിലും ഉണ്ടാകുമെന്നനുമാനിക്കപ്പെടുന്നു. 500 കൊല്ലം കൊണ്ട് 68 പേർ ഇത്രയേറെ പെരുകുക അസംഭവ്യമല്ലെങ്കിലും അവിശ്വസനീയമാണ്. കണക്ക് ശരിയാണെങ്കിൽ, യൂസുഫ് കുടുംബത്തിന്റെ പ്രബോധന ഫലമായി ഇസ്‌ലാം സ്വീകരിച്ച കോപ്റ്റിക്കുകൾ കൂടി ഉൾപ്പെട്ടതായിരിക്കണം ഈ ജനസംഖ്യ. മതപരിവർത്തിതരാകുന്നവരുടെ പൂർവ സമുദായവുമായുള്ള വംശബന്ധം അറ്റുപോവുകയും പുതുതായി സ്വീകരിച്ച മതവിഭാഗത്തിന്റെ വംശനാമത്തിൽ അറിയപ്പെടുകയും ചെയ്യുക സാധാരണമാണ്. കേരളത്തിൽ തന്നെ ഇസ്‌ലാം സ്വീകരിച്ച നായരും നമ്പൂതിരിയും ദളിതനുമെല്ലാം മുസ്‌ലിം അഥവാ മാപ്പിള എന്ന ഒറ്റ സമുദായ നാമത്തിലാണല്ലോ അറിയപ്പെടുന്നത്. യഅ്ഖൂബ് വംശത്തിനു പുറത്തുള്ള പലരും ഈജിപ്തിൽ നിന്നു പുറത്തു കടന്നവരിലുണ്ടായിരുന്നുവെന്ന് ബൈബിൾ വ്യക്തമാക്കുന്നുണ്ട്. "പല തരക്കാർ കൂടിക്കലർന്ന വലിയൊരു ജനക്കൂട്ടവും അവരോടൊപ്പം പോയി" (പുറപ്പാട് 12:38). അന്യജാതിക്കാരും മതക്കാരുമായ കുടിയേറ്റക്കാർ സ്വന്തം നാട്ടിലേക്ക് പലായനം ചെയ്യുമ്പോൾ സുരക്ഷിതരായ തദ്ദേശീയർ അവരുടെ കൂടെ വെറുതെ ഓടിപ്പോവുകയില്ല. ഇസ്രാഈല്യരുടെ മതം സ്വീകരിച്ചവരെല്ലാം ഇസ്രാഈല്യരും അടിമകളുമായി കണക്കാക്കപ്പെട്ടിരുന്നതുകൊണ്ടാണ് അവരും പലായനം ചെയ്യേണ്ടി വന്നത്. പിന്നീട് ഇസ്രാഈല്യരല്ലാത്തവർ വിദേശിയെന്നും പരദേശിയെന്നും വിശേഷിപ്പിക്കപ്പെട്ടിരുന്നതായും ബൈബിൾ സൂചിപ്പിക്കുന്നുണ്ട്. "നിങ്ങൾക്കും നിങ്ങളോടൊത്തുവസിക്കുന്ന പരദേശിക്കും ഒരേ ചട്ടമായിരിക്കും. നിങ്ങളുടെ തലമുറകൾക്കെല്ലാം നിത്യം ബാധകമായ ചട്ടം. കർത്താവിന്റെ സന്നിധിയിൽ പ്രവാസിയും നിങ്ങളെപ്പോലെ തന്നെ. നിങ്ങൾക്കും നിങ്ങളോടൊപ്പം പ്രവസിക്കുന്ന പരദേശിക്കും ഒരേ നിയമവും ഒരേ ചട്ടവുമാകുന്നു" (സംഖ്യാപുസ്തകം 15:15–16). ഈ ദൃശമായ വേറെയും പല വചനങ്ങൾ ബൈബിളിൽ കാണാം. ■